പരിഹരിക്കുന്നതിന് നദി സംരക്ഷണത്തിനുള്ള ആക്ഷൻ പ്ലാൻ മലിനീകരണ നിയന്ത്രണ ബോർഡ് തയ്യാറാക്കി 1997-ൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിച്ചിരുന്നു. ഏതാണ്ട് 590 കോടി രൂപ പെരിയാർ ആക്ഷൻ പ്ലാൻ നടപ്പിലാക്കുന്നതിന് ചെലവ് വരുമെന്നാണ് 1997-ൽ കണക്കാക്കിയിരുന്നത്. എന്നാൽ ഇതിന് കേന്ദ്രത്തിൽനിന്ന് ഇതുവരെ അനുമതി ലഭിച്ചിട്ടില്ല. സുപ്രീംകോടതിയുടെ ഉത്തരവ് പ്രകാരം കേരളം സന്ദർശിച്ചുവന്ന മോണിട്ടറിംഗ് കമ്മിറ്റിയുടെ ശുപാർശ അനുസരിച്ച് പെരിയാറിലേക്ക് മലിന ജലം ഒഴുക്കുന്ന വ്യവസായശാലകളുടെ മലിനീകരണ നിയന്ത്രണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. ഇതനുസരിച്ച് വ്യവസായശാലകളുടെ പ്രതിനിധികളും പരിസ്ഥിതി സംരക്ഷണവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സന്നദ്ധ പ്രവർത്തകരേയും ബോർഡ് ഉദ്യോഗസ്ഥന്മാരേയും ചേർത്ത് ലോക്കൽ ഏരിയ എൻവയൺമെന്റ് കമ്മിറ്റി രൂപീകരിച്ച് 2004 സെപ്റ്റംബർ മുതൽ പ്രവർത്തിക്കുന്നുണ്ട്. ശ്രീ. മുഹമ്മദാലി ആവശ്യപ്പെട്ടത് പെരിയാർ റിവർ അതോറിറ്റി രൂപീകരിക്കണമെന്നുള്ളതാണ്. കേരളത്തെ സംബന്ധിച്ചിടത്തോളം വളരെ അത്യാവശ്യമായി നദികളെ സംരക്ഷിക്കുന്നതിനുവേണ്ടി ഒരു പുതിയ സമീപനം ഉണ്ടായേ മതിയാവൂ. അതുകൊണ്ട് നദി സംരക്ഷണത്തിനുവേണ്ടി ഗവൺമെൻറ് ആവുന്ന എല്ല കാര്യങ്ങളും ചെയ്യുന്ന കൂട്ടത്തിൽ പെരിയാർ സംബന്ധിച്ച് ചെയ്യാൻ കഴിയുന്ന എല്ലാ നല്ല പ്രവർത്തനങ്ങളും പരിഗണിക്കുന്നതാണ്.

(4) നാവായിക്കുളം ഗ്രാമപഞ്ചായത്തിൽ നയനാംകോണം പട്ടികജാതി കോളനിയിലെ ഗുണ്ടാ ആക്രമണം

ശ്രീ. എൻ. രാജൻ: സർ, നാവായിക്കുളം ഗ്രാമപഞ്ചായത്തിൽ നയനാംകോണം പട്ടികജാതി കോളനിയിൽ കഴിഞ്ഞ ഫെബ്രുവരി 16-ാം തീയതി പകൽ മൂന്ന് മണിയോടെയാണ് കുടിഒഴിപ്പിക്കൽ നടന്നത്. തിരുവനന്തപുരം പ്രിൻസിപ്പൽ സബ്കോർട്ടിന്റെ ഉത്തരവും ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പോലീസ് പ്രൊട്ടക്ഷനുമായിട്ടാണ് കോർട്ട് റിസീവർ അടക്കം നൂറോളം പോലീസും അത്രത്തോളം ഗുണ്ടകളും ചേർന്ന് കഴിഞ്ഞ 50 വർഷമായി വീടു വച്ച് ആദായങ്ങളും ഫലവൃക്ഷങ്ങളുമൊക്കെ വച്ച് കഴിഞ്ഞിരുന്ന 15 വീടുകൾ തീവച്ച് നശിപ്പിക്കുകയും ജെ.സി.ബി. ഉപയോഗിച്ച് ഇടിച്ചുനിരത്തുകയും ചെയ്തു. കിണറുകൾ മൂടി നശിപ്പിക്കുകയും ചെയ്തു. 1972-ൽ ലാന്റ് ട്രൈബ്യൂണൽ കൊടുത്ത കുടികിടപ്പ് വാങ്ങിയതിന്റെ സർട്ടിഫിക്കറ്റ് അവരുടെ കൈയിലുണ്ട്. റീസർവ്വേ കഴിഞ്ഞ് പ്രമാണം ഉണ്ടാക്കി 2004 വരെ കരം നാവായിക്കുളം വില്ലേജ് ആഫീസിൽ കൊടുക്കുന്നവരാണ് ഈ 15 പേരും. ഗവൺമെന്റ് ഇങ്ങനെ ഒരു കുടികിടപ്പ് സർട്ടിഫിക്കറ്റ് കൊടുത്തിട്ട് കോടതി വിധിയുടെ അടിസ്ഥാനത്തിൽ കുടിഒഴിപ്പിക്കപ്പെട്ടവർ 109 പേരുണ്ട്. 10-25 കുട്ടികൾക്ക് കഴിഞ്ഞ ഒരു മാസമായി സ്കൂളുകളിൽ പോകാൻ കഴിയുന്നില്ല. അവർ തെരുവിലാണ് കുറച്ചുനാൾ കിടന്നിരുന്നത്. ഇപ്പോൾ അവർ പഞ്ചായത്ത് വാടകയ്ക്കെടുത്ത വീടുകളിൽ താമസിക്കുന്നു. എല്ലാം നഷ്ടപ്പെട്ടവരാണ്. അവർക്ക്

LIBRARY ARCHIVES Kerala Legislative Assembly

ഈ കുടികിടപ്പ് സർട്ടിഫിക്കറ്റിന്റെ പേരിലെങ്കിലും ഒരു നിയമ സഹായം നൽകണം. അല്ലെങ്കിൽ ഗവൺമെന്റ് കൊടുത്ത സർട്ടിഫിക്കറ്റിന് വിലയില്ലാത്തതായി പോകും. അവർക്ക് ഒരു നിയമസഹായം ഉണ്ടാകണം. തൽക്കാലത്തേയ്ക്കെങ്കിലും അവരെ പുനരധിവസിപ്പിക്കാനുള്ള സഹായം ഉണ്ടാകണം. വേറെ ഒന്നും ഇല്ലെങ്കിലും കുട്ടികളെ സ്കൂളിൽ വിടാൻ കഴിയുന്നില്ല. അവർക്ക് തൽകാലത്തേയ്ക്കെങ്കിലും സൗജന്യ റേഷൻ വിതരണം ചെയ്യാൻ നടപടിയുണ്ടാകണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ വിധിയുടെ അടിസ്ഥാനത്തിൽ നാവായിക്കുളം വില്ലേജിലെ നയനാംകോണം കോളനിയിൽപ്പെട്ട 9 കുടുംബങ്ങളെ 16-2-2005-ൽ കോടതി നിയമിച്ച റിസീവർ മുഖേന പോലീസിന്റെ സഹായത്തോടുകൂടി ഒഴിപ്പിക്കുകയുണ്ടായി. ലഭ്യമായ റിക്കാർഡുകൾ പരിശോധിച്ചതിൽ കുടി ഒഴിപ്പിച്ച കുടുംബങ്ങൾക്ക് പ്രസ്തുത വസ്തുവിൽ കരം തീരുവയോ തണ്ടപേര് അവകാശമോ ഉള്ളതായി കാണുന്നില്ല. എന്നാൽ വർഷങ്ങളായി ഇവിടെ താമസിച്ചു കൊണ്ടിരുന്നവർ എന്ന നിലയിൽ മാനുഷിക പ്രശ്നം തീർച്ചയായും ഉണ്ട്. കുടിയൊഴിപ്പിച്ച കുടുംബങ്ങളെ പുനരധിവസിപ്പിക്കേണ്ടത് ഏറ്റവും വലിയ ആവശ്യമാണ്. അതിലേക്ക് അവിടുത്തെ ത്രിതല പഞ്ചായത്തുകൾ മുന്നോട്ടുവന്നിട്ടുണ്ട്. വാടകയ്ക്ക് വീടെടുത്ത് അവരെ താമസിപ്പിക്കാനുള്ള തീരുമാനമെടുത്തിട്ടുണ്ട്. അതുപോലെതന്നെ അവർക്ക് പുതിയ വീടുകൾ വയ്ക്കുന്നതിനുവേണ്ടി 19,000 രൂപയ്ക്ക് സ്ഥലം വാങ്ങി കൊടുക്കുന്നതിനുള്ള തീരുമാനവും ത്രിതല പഞ്ചായത്ത് എടുത്തിട്ടുണ്ട്. ഇക്കാര്യത്തിൽ ത്രിതല പഞ്ചായത്തുകളെ പ്രത്യേകിച്ച് അനുമോദിക്കുകയാണ്. കഴിയുന്ന എല്ലാ സഹായങ്ങളും ഈ കാര്യത്തിൽ ചെയ്യാൻ ഗവൺമെന്റ് ഒരുക്കമാണ്.

(5) വരൾച്ച ബാധിത പ്രദേശങ്ങളിലെ കുടിവെള്ള വിതരണം

ശ്രീ. രാജു എബ്രഹാം: സർ, കേരളം വരൾച്ചയുടെ പിടിയിൽ പൂർണ്ണമായിട്ട് അമർന്നു കഴിഞ്ഞു. കുടിവെള്ളമില്ല. പല ഭാഗങ്ങളിലും കൃഷികൾ പൂർണ്ണമായി ഉണങ്ങിയ അവസ്ഥയാണ്. 36 ഡിഗ്രി സെൽഷ്യസാണ് അവിടുത്തെ ചൂട്. ഗൾഫിൽ പോലും ഇത്രയും ചൂടില്ല. ഞങ്ങളുടെ മലയോര പ്രദേശങ്ങളിൽ പത്തും ഇരുപതും കിലോമീറ്റർ നടന്നാണ് കുടിവെള്ളം ശേഖരിക്കുന്നത്. ഇത്രയും ഗുരുതരമായ പ്രശ്നം ഉണ്ടായിട്ട് ഗവൺമെന്റ് നിസ്സംഗതയോടുകൂടി ഈ വരൾച്ചയെ നോക്കിനിൽക്കുകയാണ്. നയാപൈസ പോലും മാർച്ച് മാസം 10-ാം തീയതിയായിട്ട് ജില്ലാ കളക്ടർമാർക്ക് അനുവദിച്ചിട്ടില്ല. സാധാരണ ഗതിയിൽ ഫെബ്രുവരി മാസമാണ് ജില്ലാ കളക്ടർമാർക്ക് കുളങ്ങൾ കുഴിക്കാനും കിണർ നന്നാക്കാനുമൊക്കെ ഫണ്ട്

LIBRARY ARCHIVES Kerala Legislative Assembly